[ശ്രീ. സി. എച്ച്. മുഹമ്മദുകോയ] :

അതിൽ അദ്ധ്യാപകർക്കും കോളേജിലെ പ്രിൻസിപ്പാളിനുമൊക്കെ ഇടപെടാവുന്നതാണ്. അല്ലാതെ മന്ത്രിതന്നെ അക്കാര്യത്തിൽ ഇടപെടണം അല്ലെങ്കിൽ അടിയന്തിരാവസ്ഥ ഉണ്ടാകും എന്നൊക്കെ പറയുന്നതു ശരിയല്ല. അവിടെ ലാ ആൻഡ് ഓർഡർ സിറ്റുവേഷനാണ്. അവിടെ അഞ്ചോ ആറോ വിദ്യാർത്ഥികളെ ശിക്ഷിച്ചു എന്നു പറഞ്ഞു. അങ്ങനെ ഓരോ വിദ്യാർത്ഥികളെയും ശിക്ഷിക്കുമ്പോഴും അതിലൊക്കെ മന്ത്രി ഇടപെടണമെന്നു പറയുന്നതു ശരിയല്ല. ഇതിനെപ്പറ്റിയുള്ള വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

III. CALLING ATTENTION UNDER RULE 61

THE HUMILIATING TREATMENT METED OUT TO SWAMI ANANDATHIRTHAN, A PROMINENT SOCIAL WORKER

ഡെപ്യൂട്ടി സ്പീക്കർ: കേരളത്തിൽ അനേക വർഷങ്ങളായി ഹരിജനോദ്ധാരണം, അയിത്തോച്ചാടനം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വാമി ആനന്ദതീർത്ഥനെ മഞ്ചേശ്വർ പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ചു അവശനാക്കിയതുമൂലം സംജാതമാക്കിയിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. എൻ. കെ. ബാലകൃഷ്ണനും ശ്രീ. രാമുണ്ണിയും റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. എൻ. കെ. ബാലകൃഷ്ണൻ അതിനെക്കുറിച്ച് സംസാരിക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഗാന്ധിജിയുടെ പ്രവർത്തനം തന്നെ ജീവിതലക്ഷ്യമായി കണക്കാക്കിക്കൊണ്ട് അനേകകാലമായി കേരളത്തിൽ ഹരിജനങ്ങൾക്കുവേണ്ടി അഹോരാത്രം പ്രവർത്തനം നടത്തുന്ന ഒരു ഉന്നത വ്യക്തിയാണ് സ്വാമി ആനന്ദതീർത്ഥൻ. ബ്രിട്ടീഷുകാരുടെ ഭരണകാലത്തുപോലും അദ്ദേഹം ഇവിടത്തെ സവർണ്ണ മേധാവിത്വത്തിനെതിരായി പടപൊരുതിയിട്ടുണ്ട്. അദ്ദേഹം ഇന്നും ഹരിജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം കാസർകോഡ് താലൂക്കിലെ മംഗലപ്പാടി എന്ന സ്ഥലത്ത് ഒരു ഹരിജന്റെ മുടി വെട്ടിക്കാൻ വേണ്ടി ഒരു ബാർബർഷോപ്പിൽ ചെന്ന അവസരത്തിൽ അതികഠിനമായി മർദ്ദിക്കുകയും അദ്ദേഹത്തെ നഗ്നനാക്കുകയും മൃഗീയമായി പെരുമാറുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഹരിജനോദ്ധാരണത്തിനുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ള ഒരു മഹാന് ഇത്തരം തിക്തമായ അനുഭവങ്ങളെയാണ് നേരിടേണ്ടിവരുന്നത് എന്നതിൽ നാം ലജ്ജിക്കേണ്ടിയിരിക്കുന്നു. പോലീസ് ഇതേപ്പറ്റി അന്വേഷിച്ച് നടപടികളൊന്നും എടുത്തിട്ടില്ല. ഗവൺമെൻറ് ഇക്കാര്യത്തിൽ അടിയന്തിരമായും കർശന നടപടികളും സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എം. രാമുണ്ണി: സർ, പോലീസ് സ്റ്റേഷന്റെ പുറത്തുവച്ചുള്ള മർദ്ദനമാണിത്. പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയോ അന്വേഷണം നടത്തുകയോ ചെയ്യാത്തത് അപലപനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, എനിക്ക് ഇതേപ്പറ്റിയുള്ള വിവരമൊന്നും കിട്ടിയിട്ടില്ല. റൂൾ 61 അനുസരിച്ചുള്ള നോട്ടീസിലെ കാര്യങ്ങൾപോലും ഞാൻ ഇപ്പോഴാണ് അറിഞ്ഞത്. അതു കൊണ്ട് ഇതേപ്പറ്റിയുള്ള വിവരം എനിക്ക് ഇന്നു പറയാൻ കഴിയുകയില്ല. നാളെ പറയാം. ഒരു കാര്യംകൂടി/ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. സ്വാമി ആനന്ദതീർത്ഥനെപ്പറ്റി ബഹുമാനപ്പെട്ട ബാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു. ഹരിജനോദ്ധാരണത്തിനുവേണ്ടി അങ്ങേയറ്റം ത്യാഗം സഹിക്കുകയും ആദ്യകാലം മുതൽക്കേതന്നെ തല്ലുകൊള്ളുകയും ചെയ്തിട്ടുള്ള ആളാണ് സ്വാമി ആനന്ദതീർത്ഥൻ. അദ്ദേഹത്തിന് ഈ അനുഭവമുണ്ടായതിൽ എനിക്കു വളരെ ഖേദമുണ്ട്. ശ്രീമാൻ രാമുണ്ണി പറഞ്ഞതുപോലെയുള്ള സംഭവങ്ങൾ നടന്നിട്ടുണ്ടെങ്കിൽ വളരെ ഗൗരവമായി എടുക്കേണ്ടതാണ്. അതേ ഗൗരവത്തോടുകൂടി ഇക്കാര്യത്തിന് നടപടിയെടുക്കാമെന്ന് ഉറപ്പു നൽകാൻ ഞാനാഗ്രഹിക്കുകയാണ്. വിവരം എന്താണെന്നുള്ളത് പിന്നെ പറയാം.

ഡെപ്യൂട്ടി സ്പീക്കർ: ഞാറയ്ക്കൽ ഫിഷ് ഫാമിനും കൃഷിംഗ് യാർഡിനും സമീപമുള്ള പുറമ്പോക്കു സ്ഥലത്ത് വളരെനാളായി താമസിച്ചുവരുന്നവരുടെ കെട്ടിടങ്ങളെല്ലാം എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ആവശ്യപ്രകാരം പൊളിച്ചുമാറ്റിയതിനെത്തുടർന്ന് സ്ഥലത്തുള്ളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. എ. എസ്. പുരുഷോത്തമൻ റൂൾ 61 അനുസരിച്ചു നോട്ടീസ് നൽകിയിട്ടുണ്ട്. അത് ബന്ധപ്പെട്ട മന്ത്രിക്ക് അയച്ചുകൊടുക്കുന്നതാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഒരു സബ്മിഷൻ. സർ, നെടുമങ്ങാട്ടുള്ള ഭൂമി പതിവു സ്പെഷ്യൽ തഹസീൽദാരാഫീസ് നിറുത്തലാക്കാൻ പോകുന്നതിനെ സംബന്ധിച്ച് ഞാൻ നോട്ടീസ് കൊടുത്തിരുന്നു. ആഫീസ് നിറുത്തലാക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികളെല്ലാം പൂർത്തിയായിട്ടുണ്ടെന്നാണു തോന്നുന്നത്. ഇതിന്റെ പേരിൽ ആ ആഫീസിനുമുമ്പിൽ അഞ്ചാറു ദിവസമായി ആളുകൾ സത്യാഗ്രഹമനുഷ്ഠിക്കുകയാണ്. 1959 മുതലേ ഉള്ള അപേക്ഷകൾ പരിഗണിക്കാനുള്ളതുകൊണ്ട് നെടുമങ്ങാട്ടുള്ള ആഫീസ് മാറ്റാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഗവർമ്മെൻറിനോട് അപേക്ഷിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: അത് ബന്ധപ്പെട്ട മന്ത്രിക്ക് അയച്ചിട്ടുണ്ട്, മന്ത്രി വേണ്ടതുപോലെ ചെയ്യും.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, മന്ത്രി ഒന്നും ചെയ്തിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: എങ്കിൽ വേറെ മാർഗ്ഗം നോക്കണം.

Deputy Speaker: Now we will pass on to the Legislative Business.

LIBRARY ARCHIVES Kerala Legislative Assembly